# കേരളാ ഹൈക്കോർട്ട് എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ-830

**ഹൈക്കോർട്ട് ബിൽഡിംഗ്, കൊച്ചി-31**

**<u>പ്രതിമാസ നിക്ഷേപ പദ്ധതിയുടെ ഉപനിബന്ധനകൾ</u>**

1. ഈ നിക്ഷേപ പദ്ധതിയുടെ നിക്ഷേപകർ സംഘത്തിലെ മെമ്പർമാർ മാത്രമായിരിക്കുന്നതാണ്. സംഘത്തിനുവേണ്ടി ഡയറക്ടർ ബോർഡോ അവരിൽനിന്നും നിയമിക്കപ്പെടുന്ന ഒരു സബ് കമ്മറ്റിയോ പദ്ധതി സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതും ഇതനുസരിച്ച് സംഘത്തിനു വേണ്ടി അതാതു കാലത്തെ സെക്രട്ടറി പദ്ധതി സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതുമാണ്. പദ്ധതി സംബന്ധമായി സംഘത്തിലേയ്ക്ക് എഴുതി വാങ്ങുന്ന എല്ലാ പ്രമാണങ്ങളും സെക്രട്ടറിയുടെ പേരിലായിരിക്കുന്നതാണ്.

2. ഈ നിക്ഷേപ പദ്ധതിയുടെ കാലാവധി പരമാവധി......................മാസത്തേക്കായിരിക്കും.

3. 100 മാസത്തിൽ അധികരിക്കാത്ത ഈ പദ്ധതിയിൽ 100/- രൂപയോ അതിന്റെ ഗുണിതങ്ങളോ ആയി നിക്ഷേപിക്കേണ്ടതാണ്. പദ്ധതിയുടെ മൊത്തം സല 10,00,000/- (പത്തു ലക്ഷം രൂപ) വരെ ആയിരിക്കും.

4. പദ്ധതിയുടെ ആദ്യ തവണ.................................................................മാസം..................ാം തീയതിയും അവസാന തവണ.............................................................മാസം...................ാം തീയതിയും തുടർന്ന് എല്ലാ മാസങ്ങളിലും ...........................തീയതിയും (.............................ാം തീയതി ഒഴിവ് ദിവസമാണെങ്കിൽ അതിന്റെ അടുത്ത ദിവസവും) ആയിരിക്കും.

5. ഓരോ തവണയ്ക്കും മൊത്തം നിക്ഷേപതുകയുടെ 5% വരുന്ന തുക സംഘത്തിലേയ്ക്കു കമ്മീഷൻ വകയായി മാറ്റിവെയ്ക്കുന്നതാണ്.

6. 5% സംഘം കമ്മീഷനും പരമാവധി 25% വരെ ബോണസും കഴിച്ച് അഡ്വാൻസ് ആവശ്യമുള്ള നിക്ഷേപകർ ഉണ്ടെങ്കിൽ ആ നിക്ഷേപകന് തുക നൽകുന്നതാണ്. അപ്രകാരം തുക ആവശ്യമുള്ളവർ ഒന്നിലധികം പേരുണ്ടെങ്കിൽ അവരുടെ പേരെഴുതി നറുക്കിട്ടെടുക്കുന്നതും നറുക്കു കിട്ടുന്ന നിക്ഷേപകന് അഡ്വാൻസ് നൽകുന്നതുമാണ്.

7. നിക്ഷേപകൻ തവണതോറും അടയ്ക്കേണ്ട നിക്ഷേപ സംഖ്യ എല്ലാ മാസവും..............................തീയതി .......................മണിക്ക് മുമ്പായി സെക്രട്ടറിയെ ഏൽപിച്ച് രസീത് വാങ്ങേണ്ടതും, അപ്രകാരം ചെയ്യാത്ത പക്ഷം അഡ്വാൻസ് വാങ്ങാത്ത നിക്ഷേപകൻ മുടക്ക് തുകയ്ക്ക് 9% പലിശ സഹിതം അടയ്ക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ മുടക്കം വരുത്തുന്ന പദ്ധതി നിക്ഷേപകന് പദ്ധതിയിൽ തുടരുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. ടിയാനെ നീക്കം ചെയ്യുന്നതിനും മറ്റൊരാളെ പകരം ചേർക്കുന്നതിനും സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. പകരം ചേർക്കപ്പെടുന്ന നിക്ഷേപകന് അഡ്വാൻസ് കൊടുക്കുന്ന സമയം നീക്കപ്പെടുന്ന നിക്ഷേപകൻ അടച്ചിട്ടുള്ള തുക രശീത് എഴുതികൊടുത്ത് വാങ്ങാവുന്നതാണ്. കുടിശ്ശികയുള്ള നിക്ഷേപകന് അഡ്വാൻസ് ലഭിക്കുവാൻ അർഹതയില്ലാത്തതാകുന്നു.

8. അഡ്വാൻസ് ലഭിച്ച നിക്ഷേപകൻ മുടക്കം വരുത്തിയാൽ മുടക്ക് തുകയ്ക്ക് 12% വീതം പലിശ നൽകേണ്ടതാണ്. അപ്രകാരം ചെയ്യാതിരുന്നാൽ മേലാൽ അടയ്ക്കുവാനുള്ള മുഴുവൻ തുകയ്ക്കും മുടക്കു തീയതി മുതൽ 12% പലിശയും നടപടി ചെലവ് മുതലായവയും ഈടാക്കിയെടുക്കുന്നതിന് സംഘത്തിന് അവകാശമുള്ളതും കൊടുക്കാൻ നിക്ഷേപകൻ ബാദ്ധ്യസ്ഥനുമാണ്.

9. നറുക്ക് കിട്ടിയ നിക്ഷേപകൻ സംഘത്തിലേയ്ക്ക് മതിയായ ഉറപ്പ് നൽകേണ്ടതും ആയത് സംഘം കമ്മിറ്റി പരിഗണിച്ചതിനുശേഷം അടുത്ത മാസം...........................ാം തീയതിയോ അതിനുശേഷമോ സംഖ്യ കൈപ്പറ്റേണ്ടതാണ്. ഈ പദ്ധതി അവസാനിക്കുമ്പോൾ അപ്രകാരമുള്ള നിക്ഷേപതുക ടിയാന്റെ അഡ്വാൻസ് ഇടപാടിലേക്ക് അഡ്ജസ്റ്റ് ചെയ്ത് ഇടപാട് അവസാനിപ്പിക്കാവുന്നതാണ്. ഈ പദ്ധതിയിൽ നിന്ന് നിക്ഷേപകന് പലിശ ലഭിക്കുകയോ പദ്ധതിയിൽ പ്രകാരമുള്ള അഡ്വാൻസിന് പലിശ ഈടാക്കുകയോ ചെയ്യുന്നില്ല.

10. നറുക്കെടുപ്പിൽ കുറച്ച സംഖ്യയിൽ നിന്നും സംഘം കമ്മീഷൻ നീക്കീയശേഷം എല്ലാവർക്കും അവർ എടുത്തിട്ടുള്ള ഓഹരിക്രമം അനുസരിച്ച് ബോണസ് നൽകുന്നതിനും സംഘത്തിന് കമ്മീഷൻ വകയ്ക്കുമായി അഡ്വാൻസ് വാങ്ങി നിക്ഷേപകൻ വകവച്ചു പറ്റിയതായി രസീത് കൊടുക്കേണ്ടതാണ്.

11. അഡ്വാൻസ് ലഭിച്ച നിക്ഷേപകൻ ഗഡുവ് തുക അടയ്ക്കുന്നത് മുടക്കം വരുത്തിയാൽ ബോണസ്സിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

12. അഡ്വാൻസ് വാങ്ങിയശേഷം നിക്ഷേപപദ്ധതി മുടക്കു വരുത്തുന്ന നിക്ഷേപകനിൽനിന്നോ ടിയാന്റെ ജാമ്യക്കാരിൽനിന്നോ ഈ പദ്ധതി അവസാനിക്കുന്നതിന് മുമ്പ് എപ്പോൾ വേണമെങ്കിലും മുഴുവൻ അഡ്വാൻസ് തുകയും, പലിശയും മറ്റു ചിലവുകൾ എന്നിവയും ഈടാക്കുന്നതിന് സംഘത്തിന് അധികാരവും അവകാശവും ഉള്ളതാകുന്നു.

13. ഏതൊരു നിക്ഷേപകനും സംഘം കമ്മിറ്റിയുടെ രേഖാമൂലമായ അനുമതിയോടുകൂടി സ്വന്തം പദ്ധതിയിലുള്ള അവകാശങ്ങൾ മറ്റൊരാൾക്ക് കൈമാറാവുന്നതാണ്.

14. പദ്ധതിയുടെ അവസാനമാസം തുക ലഭിക്കേണ്ട നിക്ഷേപകന് സംഘം കമ്മീഷൻ കഴിച്ചുള്ള തുക ഒരു മാസത്തിനകം സംഘം കൊടുക്കേണ്ടതും അപ്രകാരം കൊടുക്കാതിരുന്നാൽ ടി തുക 12% പലിശ സഹിതം ഈടാക്കി എടുക്കുന്നതിന് നിക്ഷേപകന് അവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു.

15. പദ്ധതിയിലെ അംഗങ്ങൾക്കും അവരിൽനിന്നും രേഖാമൂലം അധികാരം സിദ്ധിച്ചവർക്കും മാത്രമേ പദ്ധതി നടപടികളിൽ പങ്കുകൊള്ളുവാൻ പാടുള്ളു.

16. നിക്ഷേപകന്റെ നോമിനിയെ ഈ നിബന്ധനയിൽ ചേർക്കേണ്ടതും നിക്ഷേപകൻ മരണപ്പെട്ടാൽ പദ്ധതി സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങളും നോമിനിക്ക് ലഭിക്കുന്നതുമാകുന്നു.

17. ഓരോ നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിനു മുമ്പായി ബഹു. സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

18. ഈ നിക്ഷേപ പദ്ധതിയിൽനിന്നും സംഘത്തിന് ലഭിക്കുന്ന 5 ശതമാനം കമ്മീഷൻ തുകയുടെ 2 ശതമാനമോ അല്ലെങ്കിൽ സഹകരണ വകുപ്പ് അതാത് സമയം നിശ്ചയിക്കുന്ന തുകയോ സർക്കാരിലേയ്ക്ക് സംഘം അടയ്ക്കേണ്ടതാണ്.

..............................................................................താലൂക്കിൽ..............................................................

വില്ലേജിൽ..............................................................കരയിൽ..............................................................

വീട്ടിൽ..............................................................................................ഭാര്യ/മകൻ/മകൾ

.............................-ാം നമ്പർ അംഗം..............................................................................................

പദ്ധതിയിലെ ക്രമനമ്പർ..............................................................................................................

നോമിനി..............................................................ബന്ധം..............................................................

**തുക അടയ്ക്കുന്ന വിധം**

നേരിട്ട് അടയ്ക്കണം / SB യിൽ നിന്ന് adjust ചെയ്യണം / ശമ്പളറിക്കവറി നടത്തണം

അപേക്ഷകന്റെ ഒപ്പ്

സാക്ഷികളുടെ പേരും ഒപ്പും വിലാസവും

(1) .............................................................. (2) ..............................................................

.............................................................. ..............................................................

.............................................................. ..............................................................

## സമ്മതപത്രം

പ്രതിമാസ നിക്ഷേപ പദ്ധതിയുടെ നിലവിലുള്ള നിബന്ധനകൾ ഞാൻ വായിച്ച് അംഗീകരിക്കുന്നു. ടി നിബന്ധനകളും, മേലാൽ ഉണ്ടാകുന്നതുമായ എല്ലാ നിബന്ധനകളും എനിക്കും ബാധകമായിരിക്കുന്നതാണ്.

അപേക്ഷകന്റെ/യുടെ ഒപ്പ്

ഈ പദ്ധതിയുടെ തുടർന്നുള്ള പ്രതിമാസ തവണകൾ എന്റെ ശമ്പളത്തിൽ നിന്ന് ഡിപ്പാർട്ടുമെന്റ് മുഖേന റിക്കവറി നടത്തുവാൻ ഞാൻ സംഘം സെക്രട്ടറിയെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

അപേക്ഷകന്റെ/യുടെ ഒപ്പ്